**പോലീസ്** **വകുപ്പ്**

**കേരളം**

**No. B1-3281/2018/KAP-I**

കേരള ആംഡ് പോലീസ് ബറ്റാലിയൻ-I,

തൃശ്ശൂർ

cmdtkap1.pol@kerala.gov.in

04872328309

തീയതി. 20-02-2018

**ലേല പരസ്യം**

**തൃശ്ശൂർ രാമവർമപുരം കെ.എ.പി ഒന്നാം ബറ്റാലിയനിൽ നിലകൊള്ളുന്ന താഴെ കാണിച്ചിരിക്കുന്ന ഫലവൃക്ഷങ്ങളിൽ നിന്നും 01/4/2018 മുതൽ 31/03/2019 വരെയുള്ള കാലയളവിൽ ലഭ്യമാകുന്നതും അനുഭവയോഗ്യമായതുമായ കായ്ഫലങ്ങൾ എടുക്കുന്നതിനുള്ള അവകാശം 01/03/2018 തിയതി പകൽ 11.00 മണിക്ക് ബറ്റാലിയൻ ആഫീസ് പരിസരത്ത് വച്ച് പരസ്യമായി ലേലം ചെയ്ത് കൊടുക്കുന്നതാണ്.**

| ക്രമ നം | ഇനം | എണ്ണം |
|---|---|---|
| 1 | തെങ്ങ് | 53 |
| 2 | മാവ് | 22 |
| 3 | കശുമാവ് | 12 |
| 4 | പ്ലാവ് | 49 |
| 5 | പുളി | 2 |
| 6 | നെല്ലി | 1 |
| 7 | നാരകം | 1 |
| 8 | ഇലവ് | 12 |

**ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേല സ്ഥലത്തു നിശ്ചിത സമയത്ത് ഹാജരാകേണ്ടതും നിരത ദ്രവ്യമായ 200/-രൂപ(ഇരുന്നൂറ് രൂപ) കെട്ടി വെക്കേണ്ടതുമാണ്.ലേലത്തോടനുബന്ധിച്ച് ടെണ്ടറുകൾ നല്കാൻ ആഗ്രഹിക്കുന്നവർ ആയത് വെള്ളക്കടലാസിൽ എഴുതി നിരതദ്രവ്യമായ Rs.200/- രൂപ അടച്ച രസീത് സഹിതം മുദ്രവച്ച കവറിൽ കമാണ്ടൻറ്, കെഎപി - 1 ബറ്റാലിയൻ രാമവർമപുരം, തൃശ്ശൂർ എന്ന വിലാസത്തിൽ ഈ ഓഫീസിൽ എത്തിക്കേണ്ടതാണ്. കവറിന് പുറത്ത് കെഎപി ഒന്നാം ബറ്റാലിയനിലെ ഫലവൃക്ഷങ്ങളുടെ 01/4/2018 മുതൽ 31/3/2019 തിയതി വരെയുള്ള വർഷത്തെ ആദായമെടുക്കുന്നതിനുള്ള ടെണ്ടർ എന്നെഴുതിയിരിക്കേണ്ടതാണ്. ലേലം കഴിഞ്ഞ ഉടൻ തന്നെ ടെണ്ടറുകൾ അവ സമർപ്പിച്ച വ്യക്തികളുടെ മുൻപാകെ വച്ച് തുറക്കുന്നതും ടെണ്ടറുകളിൽ കാണിച്ചിരിക്കുന്ന തുകയും ലേലത്തിൽ പിടിച്ച തുകയും താരതമ്യം ചെയ്ത് ഏറ്റവും വലിയ തുകക്കുള്ള ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതാണ്. ലേലം കഴിഞ്ഞ ഉടനെ ലേലത്തിൽ പരാജയപ്പെടുന്നവർക്ക് അവർ അടച്ച നിരതദ്രവ്യം തിരിച്ചു നൽകുന്നതായിരിക്കും. ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തി കിട്ടിയ വ്യക്തി നിരതദ്രവ്യം ഒഴിച്ചുള്ള ലേലത്തുക മുഴുവനായും സർക്കാർ നിർദ്ദേശിച്ചിട്ടുള്ള നികുതി 5% (വാറ്റ്) ലേലസ്ഥലത്ത് വച്ച് തന്നെ അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്.**

**അവകാശം താൽക്കാലികമായി സ്ഥിരപ്പെടുത്തിയ വ്യക്തി നികുതിയുൾപ്പടെ ലേലത്തുക മുഴുവനായും (നിരതദ്രവ്യം കഴിച്ച് ബാക്കി തുക) ലേലസ്ഥലത്ത് വച്ച് തന്നെ അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്.ലേലം സ്ഥിരപ്പെടുത്തിയതായുള്ള അറിയിപ്പ് ഈ ഓഫീസിൽ നിന്നും ലഭിച്ച് 3 ദിവസത്തിനകം RS.50/- (അൻപത് രൂപ മാത്രം) മുദ്രപ്പത്രത്തിൽ ഒരു നഷ്ടോത്തരവാദിത്വ കരാർ തയ്യാറാക്കി ഒപ്പിടേണ്ടതാണ്. ലേലം കഴിഞ്ഞാൽ എത്രയും പെട്ടെന്ന് ലേലം കൊണ്ട ആൾ ക്യാമ്പിൽ നിന്ന് സ്വന്തം ചിലവിൽ കായ്ഫലങ്ങൾ നീക്കം ചെയ്യേണ്ടതാണ്. ഈ വ്യവസ്ഥകൾ പാലിക്കാത്ത പക്ഷം നിരതദ്രവ്യം ഉൾപ്പടെയുള്ള തുക സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതും പുനർ ലേലം നടത്തുന്നതുമാണ്.**

**ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്ക് പ്രവർത്തി ദിവസങ്ങൾ രാവിലെ 11 മണി മുതൽ 4 മണി വരെ മേൽ പറഞ്ഞ മരങ്ങളിലെ കായ്ഫലങ്ങൾ ബറ്റാലിയൻ കമാണ്ടൻറിൻറെ അനുമതിയോടുകൂടി പരിശോധിക്കാവുന്നതാണ്.**

**യാതൊരു മുന്നറിയിപ്പും കൂടാതെ ലേലം മാറ്റിവയ്ക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം കമാണ്ടൻറിൽ നിക്ഷിപ്തമാണ്.ലേലം സംബന്ധിച്ച എല്ലാ സർക്കാർ വ്യവസ്ഥകളും ഈ ലേലത്തിനും ബാധകമായിരിക്കും.**

B1-3281/2018/KAP-I

417400

പൂങ്കുഴലി ജി

കമാണ്ടൻറ്

സ്വീകർത്താവ് : അസിസ്റ്റന്റ് കമാണ്ടൻറ്(ക്യൂ എം), അസിസ്റ്റന്റ് കമാണ്ടൻറ്( ഇൻഡോർ), ഓഫീസർ കമാണ്ടിങ് (എച്ച്ക്യൂ), എല്ലാ കമാണ്ടൻറുമാർക്കും, ജില്ലാ പോലീസ് മേധാവികൾക്കും വേണ്ടത്ര പ്രചാരണം നല്കുന്നതിനായി. തൃശ്ശൂർ കോർപ്പറേഷൻ വിൽവട്ടം മേഖല സെക്രട്ടറിക്ക് 5 കോപ്പികൾ പ്രചാരണത്തിനായി. കാഷ്യർ കെ എ പി 1 അനന്തര നടപടികൾക്കായി. കമാണ്ടൻറിന് സിഎ മുഖാന്തിരം